നം.കെഎസ്എ-കെടിഎം.പി.11-990/2017 തീയതി 18.07.2017

# കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 22.06.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്,ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.06.2017 മുതൽ 22.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശിവരാജ് പി. | ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ജോളി ഡൊമിനിക്ക് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ .ബൽജിത്ത് ജീവൻ. കെ.എസ് | 01.04.2016 മുതൽ 25.08.2016 വരെ |
| | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ (സെക്രട്ടറി ഇൻ ചാർജ്ജ്) | 26.08.2016 മുതൽ 09.01.2017 വരെ |
| | ശ്രീ.ഷൈജു വർഗ്ഗീസ് | 10.01.2017 മുതൽ 31.03.2017 വരെ |

## (സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി മഞ്ജു എലിസബത്ത് സി. | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീമതി യമുന ജോസ് | 01.07.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുരേഷ് കുമാർ ബി. | 01.04.2016 മുതൽ 08.01.2017 വരെ |
| | ശ്രീമതി മരിയ ഗോരോത്തി | 09.01.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.രാഹുൽ നായർ | 01.04.2016 മുതൽ 30.09.2016 വരെ |

| | | |
|---|---|---|
| | ശ്രീ. നെൽസൺ എം.മാത്യു | 01.10.2016 മുതൽ 23.11.2016 വരെ |
| | ശ്രീ.ഷൈബി തോമസ് | 24.11.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.അരുൺ പി.സുരേന്ദ്രൻ | 01.04.2016 മുതൽ 15.01.2017 വരെ |
| | ശ്രീമതി ആൻസി ജോസഫ് | 16.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.നിത്യാ രവീന്ദ്രൻ | 01.04.2016മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബിന്ദു എം.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ജ്യോതി എസ്. | 01.04.2016 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി അന്നമ്മ ജോൺ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 - വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു |
| 2-3 | പഞ്ചായത്ത് ക്യാഷ് നീക്കിയിരിപ്പിൽ 10,634/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു |
| 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത- 3.13 ലക്ഷം രൂപ നികുതി നഷ്ടം |
| 2-5 | പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിക്കാത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു |
| 2-6 | 60 ലക്ഷം രൂപയിലധികം വസ്തുനികുതി കുടിശിക നിലനിൽക്കുന്നു |
| 2-7 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-8 | വാടക-വിശദാംശങ്ങൾ ഫയലിലും ഡിമാന്റ് രജിസ്റ്ററിലും ലഭ്യമല്ല |
| 2-9 | സ്വകാര്യ ആശുപത്രികൾ ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-10 | ദുരിതാശ്വാസനിധിയിലേക്ക് പണം സ്വരൂപിക്കലും വിനിയോഗവും നടത്തുന്നില്ല |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പഞ്ചായത്താഫീസ് ഫർണിച്ചർ വാങ്ങൽ- ഫർണിച്ചറുകൾ നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയില്ല |
| 3-2 | തനത്ഫണ്ടിന്റെ ലഭ്യതയേക്കാൾ അധികം തുക പ്രോജക്ടുകൾക്ക് വകയിരുത്തുന്നു |
| 3-3 | സ്വന്തമായി വാഹനമുണ്ടായിരിക്കെ പഞ്ചായത്തിന് വാഹന വാടക ഇനത്തിൽ വൻ തുക ചെലവ് |
| 3-4 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല |
| 3-5 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-6 | പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-7 | കിണർ നിർമാണം - അധികസബ്സിഡി നല്കി |
| 3-8 | വാല്യുവേഷൻ റിപ്പോർട്ട് പ്രകാരമുള്ള മൂല്യത്തിലധികരിച്ച് സബ്സിഡി നല്കിയത് അംഗീകരിക്കുന്നില്ല |
| 3-9 | പഠനമുറിനിർമാണം -പൂർത്തീകരണ വിവരങ്ങളില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം - രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 3-11 | മരുന്നുകൾ ലഭിച്ചില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-12 | ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത ലൈബ്രറിക്ക് പുസ്തകം നല്കി |
| 3-13 | ഭവനപുനരുദ്ധാരണം - മുൻകൂർ കൈപ്പറ്റി പണിപൂർത്തിയാക്കാത്തത് |

| | |
|---|---|
| 3-14 | പത്താംക്ലാസ് തുല്യതാകോഴ്സ്-ഗുണഭോക്താക്കളുടെ എണ്ണത്തെക്കാൾ അധികം തുക ചെലവ് |
| 3-15 | പി.എച്ച്.സി യിലേക്ക് ഫർണിച്ചർ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല |
| 3-16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ് 04.03.2016 ലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4644117 |
| വരവ് | 54751776 |
| ആകെ | 59395893 |

| | |
|---|---|
| ചെലവ് | 47947635 |
| നീക്കിയിരിപ്പ് | 11448258 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാർഥത്തിലുള്ളതുമായി വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ ബജറ്റ് തയാറാക്കുന്നതിൽ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക വാർഷിക ധനകാര്യപത്രിക

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ 07.06.2017-ൽ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു.സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4644117 |
| വരവ് | 54751776 |
| ആകെ | 59395893 |
| ചെലവ് | 47947635 |
| നീക്കിയിരിപ്പ് | 11448258 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15229999 | 15229999 | 12439157 | 2790842 | 81.67 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2952339 | 2952339 | 2211966 | 740373 | 74.92 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1395099 | 1395099 | 867476 | 527623 | 62.18 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12730821 | 12730821 | 1218886 | 11511935 | 9.57 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4105224 | 4105224 | 2939871 | 1165353 | 71.61 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8541077 | 8541077 | 1468264 | 7072813 | 17.19 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 5720908 | 5720908 | 3234621 | 2486287 | 56.54 |
| MNREGS | 357 | 16979414 | 16979771 | 16952021 | 27750 | 99.83 |
| ബി ഫണ്ട് | 0 | 247330 | 247330 | 247330 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത്(എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|
| 283 | 62 | 61 | 160 |

74801062/- രൂപ അടങ്കലുള്ള പ്രോജക്ടുകൾ തയാറാക്കിയെങ്കിലും 31611317/- രൂപ മാത്രമാണ് ചെലവഴിച്ചത്. പശ്ചാത്തലമേഖലാ പ്രോജക്ടുകൾക്ക് തനത്ഫണ്ടാണ് കൂടുതൽ വകയിരുത്തിയത്. മെയിന്റനൻസ് പ്രോജക്ടുകൾ അറുപതോളം തയാറാക്കിയെങ്കിലും നാമമാത്രമായാണ് നടപ്പിലാക്കിയത്. ആശ്രയ ഭൂമിവാങ്ങൽ പ്രോജക്ടിനായി 75000/- രൂപയും ബാലസഭ പ്രോജക്ടിനായി 35000/- രൂപയും കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ടെങ്കിലും പ്രോജക്ടുകൾ നടപ്പിലായില്ല.

## 1-7 തനതു വരുമാനം

സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 58.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 4791788 | 7686138 | 2894350 | 60.40 |
| നികുതിയേതര വരവുകൾ | 421549 | 545783 | 124234 | 29.47 |
| മറ്റു വരവുകൾ | 279057 | 484297 | 205240 | 73.55 |
| ആകെ | 5492394 | 87162218 | 3223824 | 58.70 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44880 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 75540 | 125 |
| വിധവാപെൻഷൻ | 301680 | 375 |
| വാർദ്ധക്യകാലപെൻഷൻ | 616575 | 688 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 175580 | 201 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 15320 | 19 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.6.2017-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23470/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ 2016-17 വർഷം വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നുവെങ്കിലും ഉത്തരവ് പ്രകാരമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും മൊബൈൽ ടവറിന്റെയുൾപ്പെടെ വസ്തുനികുതി പരിഷ്കരണത്തിൽ അപാകതകൾ നിലനില്ക്കുന്നു. ഡി&ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധരേഖകളും ശരിയായി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ ട്രെയ്ഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. സ്ഥാപനങ്ങൾ/ട്രെയ്ഡേഴ്സ് തൊഴിൽനികുതി ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. അസി.സെക്രട്ടറി നിരവധി പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും തികഞ്ഞ അലംഭാവവും അശ്രദ്ധയുമാണ് ഫയൽ സൂക്ഷിപ്പിൽ കാട്ടിയിട്ടുള്ളത്. പഞ്ചായത്ത് ലൈബ്രറിയിലെ ലൈബ്രേറിയന് പ്രതിമാസം 400/- രൂപ മാത്രമാണ് ഇപ്പോഴും ഓണറേറിയം നല്കുന്നത്. കാലാനുസൃതമായ വർദ്ധന വരുത്തുന്നതിന് നടപടികൾ ആരംഭിച്ചുവെങ്കിലും തുടർനടപടി ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണം പൊതുവെ ഫലപ്രദമല്ലയെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2017 | 4/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.5.2009 – 21.5.2009 | 2004-05 മുതൽ 2008-09 വരെ | LBA(H.Q)/11/84/412/72 dt.19.6.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 1840979/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 57841947/- രൂപയും ചെലവ് 56000968/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 59395893/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 47947635/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 11448258/- രൂപയാണ്. 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 99602367.5/- രൂപയും ആകെ ബാദ്ധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 85731920.45/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 13870447.05/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ

ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല.
3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന കണക്ക് ശീർഷകം 31.03.2017 വരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല.

4) തനത് ഫണ്ട്(പാറത്തോട് സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.409/80) അക്കൗണ്ടിന്റെ 31.03.2017-ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 27.04.2015-ൽ ഇഷ്യൂ ചെയ്ത് 31.03.2017 വരെ എൻക്യാഷ് ചെയ്യാത്ത ചെക്ക് തുക 750/- രൂപ അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു(ചെക്ക് നം.23796/27.04.2015 വൗച്ചർ നം.21500031). അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ (JV) ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5) 2007 വർഷം വാങ്ങിയ ജീപ്പ് (രജി നം.KL-05-3731) വാഹനത്തിന്റെ മൂല്യം Movable Assets-Vehicles എന്ന കണക്ക് ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.
6) ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ-സാംഖ്യാ കണക്കുകളിൽ ചെറിയ വ്യത്യാസം നിലനിൽക്കുന്നു. വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
7) സ്ഥാപനങ്ങൾ/ട്രെയ്ഡേഴ്സ്-തൊഴിൽ നികുതിയുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.
8) പഞ്ചായത്തിന്റെ 31.03.2017-ലെ ക്യാഷ് നീക്കിയിരിപ്പിൽ 10634/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദാംശം ഖണ്ഡിക 2-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
9) 341100101-Deposit Works-Civil Works എന്ന കണക്ക് ശീർഷകത്തിൽ ബാധ്യതയായി നിൽക്കുന്ന 1500/- രൂപയുടെ വിശദാംശം ലഭ്യമല്ല.

പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിങ്ങിലും അക്കൗണ്ടിങ്ങിലും മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 2-2 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു

ഇന്ത്യൻ ഓവർസീസ് ബാങ്ക് പാറത്തോട് ശാഖയിലുള്ള പഞ്ചായത്തിന്റെ പേരിലുള്ള രണ്ട് ബാങ്ക് അക്കൗണ്ടുകൾ ദീർഘകാലമായി ഇടപാടുകളില്ലാതെ പലിശമാത്രം ക്രഡിറ്റ് ചെയ്യപ്പെട്ട് നിലനിൽക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | സാംഖ്യ കണക്ക് ശീർഷകം | 31.03.2017-ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | 227101000003901 | 450210101- Indian Overseas Bank(Pension) | 552.00 |
| 2. | 126101000002573 | 450210103 - Indian Overseas Bank(TSP Fund) | 18020.90 |

പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഇൻഓപ്പറേറ്റീവ് ചാർജ് ഇനത്തിൽ തുക നഷ്ടപ്പെടുന്നു. ഈ അക്കൗണ്ടുകളിൽ ഏതിനം ഫണ്ടിന്റെ വിനിമയമാണ് നടക്കുന്നത് എന്ന് വ്യക്തമല്ല. ഫണ്ട് വിനിയോഗം സംബന്ധിച്ച് വ്യക്തത വരുത്തി ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വയ്ക്കുകയോ സർക്കാരിലേയ്ക്ക് തിരിച്ചടക്കുകയോ ചെയ്ത് നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

## 2-3 പഞ്ചായത്ത് ക്യാഷ് നീക്കിയിരിപ്പിൽ 10,634/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു

പഞ്ചായത്ത് സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് തുകയേക്കാൾ 10,634/- രൂപ കൂടുതലാണ് എന്ന് 16.06.2017-ലെ കാഷ് നീക്കിയിരിപ്പ് പരിശോധനയിൽ വ്യക്തമായി. ധനകാര്യ പത്രിക പ്രകാരം 31.03.2017-ലെ ക്യാഷ് ബാലൻസ് 153117/- രൂപയാണ്. എന്നാൽ അന്നേദിവസത്തെ കൗണ്ടർ കളക്ഷൻ, ഡേബുക്ക് പ്രകാരം 142483/- രൂപയാണ്. ക്യാഷ് നീക്കിയിരിപ്പിൽ വ്യത്യാസം ( 153117- 142483 =10634)

സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.1/15.06.2017) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 08.02.2017-ലെ കൗണ്ടർ കളക്ഷൻ 10634/- രൂപ ക്യാഷ് ചെസ്റ്റിൽ നിന്നും കളവ് പോയതായി അറിയിച്ചു. പ്രസ്തുത തുക തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ അടവാക്കി സാംഖ്യയിൽ കോൺട്രാ വൗച്ചർ ചെയ്യാത്തതിനാലാണ് 08.02.2017 മുതൽ ക്യാഷ് നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നത്. പണം മോഷണം പോയത് സംബന്ധിച്ച് കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിൽ 200/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടക്കുന്നതായും സെക്രട്ടറി മറുപടിയിൽ അറിയിച്ചു. ടി വിഷയം സംബന്ധിച്ച വിശദാംശം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതായും 16.02.2017-ലെ പഞ്ചായത്ത് ജനറൽ കമ്മിറ്റി ചർച്ച ചെയ്തതായും അറിയിച്ചു. മേൽവിഷയത്തിലുള്ള പോലീസ് കേസിന്റെയും പഞ്ചായത്ത് തലത്തിലുള്ള നടപടികളുടെയും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത- 3.13 ലക്ഷം രൂപ നികുതി നഷ്ടം

14.01.2011-ലെ ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ-ന്റെ അടിസ്ഥാനത്തിൽമൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 ഒന്നാം അർദ്ധവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു(2013-14 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യം). സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം പാറത്തോട് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 12 മൊബൈൽ ടവറുകളാണ് നാളിതുവരെ നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണം കണക്കാക്കിയല്ല നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് 20.06.2017-ൽ എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. 5-ാം വാർഡിൽ പ്രവർത്തിക്കുന്ന 2 മൊബൈൽ ടവറുകളുടെ പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ വിശദാംശം പ്രകാരം പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടം ചുവടെ ചേർക്കും പ്രകാരമാണ്.

| കെട്ടിട നം. | ടവറിന്റെ പേര് | സഞ്ചയ പ്രകാരമുള്ള തറ വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി + വർദ്ധന – ഇളവ് നിർണ്ണയിച്ച നികുതി | സ്ഥലപരിശോധന വേളയിൽ അളന്ന് തിട്ടപ്പെടുത്തിയ വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി + വർദ്ധന – ഇളവ് നിർണ്ണയിച്ച നികുതി | ഡിമാന്റിലുണ്ടായ ഒരു വർഷത്തെ നികുതി നഷ്ടം |
|---|---|---|---|---|---|---|
| 5/166/a | എം.എസ്. ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 10 | 5000+ 20%-20% 5000/- | 69.92 | 34960+ 20%-20% 34960/- | 29,960/- |
| 5/341/a | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 10 | 5000+ 20%-20% 5000/- | 106.86 | 53430+ 20%-20% 34960/- | 48,430/- |
| രണ്ട് ടവറുകളിൽ നിന്നുള്ള വാർഷിക നികുതി നഷ്ടം | | | | | | 78,390/- |

പഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ(സഞ്ചയ സോഫ്റ്റ്വെയറിലെ വിശദാംശം പ്രകാരം) 12 ടവറുകളിൽ 2 എണ്ണം സ്ഥലപരിശോധന നടത്തിയപ്പോൾ മേൽപട്ടികയിൽ സൂചിപ്പിച്ച പ്രകാരം പ്രതിവർഷം 78,390/- രൂപ വീതം 2013-14 മുതൽ 2016-17 വരെ 4 വർഷം 3,13,560/- രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. സഞ്ചയയിൽ വസ്തുനികുതി നിർണ്ണയിച്ച മറ്റ് ടവറുകൾക്കും വളരെ കുറഞ്ഞ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി കണക്കാക്കിയിട്ടുള്ളത് എന്ന് ടവറുകളുടെ ഫോറം-6 ൽ നിന്നും വ്യക്തമാണ്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിലുള്ള പിഴവുമൂലം പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.9/21.06.2017) മറുപടി ലഭ്യമാക്കിയില്ല. നിലവിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും നികുതി എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സഹായത്തോടെ

പുനർനിർണ്ണയിക്കേണ്ടതും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിക്കാത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയം നടത്താത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. മൊബൈൽ ടവറുകൾ കൃത്യമായി കണ്ടെത്തി നികുതി നിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ ഭീമമായ നികുതിനഷ്ടം ഉണ്ടാകുന്നു. 20/06/2017 തീയതിയിൽ എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ നികുതി നിർണ്ണയിക്കാതെ ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന 6 ടവറുകൾ കണ്ടെത്തി. ടവറുകളുടെ ഉടമസ്ഥ സ്ഥാപനത്തിന്റെ പേര്, അവ സ്ഥിതി ചെയ്യുന്ന വാർഡ്, സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ട തറ വിസ്തീർണ്ണം, ചതുരശ്ര മീറ്ററിന് 500/- രൂപ കണക്കാക്കി നികുതി നിർണ്ണയം നടത്തുമ്പോഴുള്ള അടിസ്ഥാന വസ്തുനികുതി എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | മൊബൈൽ ടവർ | തറ വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി |
|---|---|---|---|---|
| 1. | 1 | ബി.എസ്.എൻ.എൽ ടവർ | 18.00 | 9,000/- |
| 2. | 2 | ഇൻഡസ് ടവർ (വോഡാഫോൺ), പാലപ്ര | 73.93 | 36,965/- |
| 3. | 3 | ബി.എസ്.എൻ.എൽ ടവർ | 44.30 | 22,150/- |
| 4. | 3 | റിലൈൻസ് കമ്മ്യൂണിക്കേഷൻ | 47.03 | 23,515/- |
| 5. | 5 | ബി.എസ്.എൻ.എൽ ടവർ | 23.04 | 11,520/- |
| 6. | 19 | എയർടെൽ, പാറത്തോട് | 66.89 | 33,445/- |

മേൽപറഞ്ഞ ടവറുകൾ നികുതിനിർണ്ണയം നടത്തി നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നികുതിയിനത്തിൽ 2013-14 മുതൽ നാലുവർഷമായി വരുമാനനഷ്ടം സംഭവിക്കുന്നു. അനധികൃതമായി പഞ്ചായത്ത് പരിധിയിൽ നിർമ്മാണം നടത്തിയ ടവറുകൾ 1996-കേരള പഞ്ചായത്ത് രാജ് (കെട്ടിടനികുതിയും അതിൻമേലുള്ള സർചാർജ്ജും) ചട്ടങ്ങളുടെ ലംഘനവും നടത്തിയിട്ടുണ്ട്. അനധികൃതമായി മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/21.06.2017) നൽകിയതിന് മറുപടി ലഭ്യമായില്ല.
ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വസ്തുനികുതി നിർണ്ണയിക്കാത്ത മറ്റേതെങ്കിലും മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് തുടരന്വേഷണം നടത്തേണ്ടതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളുടെ നികുതി നിർണ്ണയിച്ച് 2013-14 മുതൽ നാളിതുവരെയുള്ള നികുതി കുടിശിക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും വിശദാംശം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 60 ലക്ഷം രൂപയിലധികം വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക(ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | Residential (2016-17) | 642656 |
| 431100102 | Residential (Arrear) | 2455600 |
| 431100103 | Non-Residential (2016-17) | 1057286 |
| 431100104 | Non-Residential (Arrear) | 2230561 |
| ആകെ | | 6386103/- |

വാർഷിക കണക്കുകൾ പ്രകാരം 01.04.2017-ൽ വസ്തുനികുതി കുടിശിക 6,082,037/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട് (6386103-304066 (ലൈബ്രറി സെസ്സ്)=6082037). വസ്തുനികുതിയിലെ കുടിശിക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-7 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

പാറത്തോട് പഞ്ചായത്ത് പ്രദേശത്ത് 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം പ്രകാരമുള്ള ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ 2016-17 വർഷം പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു (ആധാരം-www.keralataxes.gov.in).

| ക്രമ നം. | സ്ഥാപനത്തിന്റെ പേരും വിലാസവും | ഡീലറുടെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1. | ആശ്രയ ബാങ്കേഴ്സ്, പാറത്തോട് പഞ്ചായത്ത് X/306, കൂവപ്പള്ളി | ജോൺ | 32050338658 |
| 2. | ഹൈ-റേഞ്ച് ഫിനാൻസിയേഴ്സ്, ഇല്ലിക്കൽ, പാറത്തോട് | - | 32050363735 |
| 3. | കൊല്ലമ്മായിൽ ഫിനാൻസ് & ചിട്ട്സ്, കൊല്ലമ്മായിൽ ബിൽഡിങ്ങ്, പൂൽക്കുന്ന്, പാലമ്പ്ര, പാറത്തോട് പഞ്ചായത്ത് | നിഷാദ് | 32050331199 |
| 4. | ട്രാവൻകൂർ ഫിനാൻസ്, പൊട്ടനാനി, പിണ്ണാക്കിനാട് റോഡ്, പാറത്തോട് | തോമസ് | 32050354612 |
| 5. | യുണൈറ്റഡ് ബാങ്കേഴ്സ്, മുറി നം.449/11, പാറത്തോട് ഗ്രാ.പ., പാറത്തോട് | - | 32050331199 |
| 6. | ജെ.ജെ. ഫിനാൻസ്, ചാങ്ങയിൽ, ചോറ്റി, ചിറ്റടി | ജോസ് | 32050333967 |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ് പ്രകാരമുള്ള ടേൺ ഓവറിന് ആനുപാതികമായ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ചുമത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. മേൽപറഞ്ഞ സ്ഥാപനങ്ങളെല്ലാം തന്നെ പാറത്തോട് ടൗൺ പ്രദേശത്ത് പ്രവർത്തിക്കുന്നവയാണ്. ഇത്തരം സ്ഥാപനങ്ങളെ നാളിതുവരെ നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ കഴിയാത്തത് നികുതി ഒടുക്കാനുള്ള സ്ഥാപനങ്ങളെ കണ്ടെത്തി ഡിമാന്റ് ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ പാളിച്ച മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

തൊഴിൽ നികുതി ഡിമാന്റിൽ സംഭവിച്ച അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/21.06.2017) മറുപടി ലഭ്യമായില്ല. മേൽപറഞ്ഞ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 വാടക-വിശദാംശങ്ങൾ ഫയലിലും ഡിമാന്റ് രജിസ്റ്ററിലും ലഭ്യമല്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകാവുന്ന എത്ര കെട്ടിട മുറികളാണുള്ളത് എന്നത് വാടക ഡിമാന്റ് രജിസ്റ്ററിലോ ഫയലിലോ ലഭ്യമല്ല. നിലവിൽ ഏതെങ്കിലും മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നുണ്ടോ, വാടക സംബന്ധിച്ച ബൈലോ നിലവിലുണ്ടോ, നിലവിൽ ഉപയോഗിക്കപ്പെടുന്ന എല്ലാ മുറികൾക്കും വാടക ചുമത്തിയിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/16.06.2017) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ 4 മുറികൾക്കാണ് വാടക ചുമത്തിയിട്ടുള്ളത്. തൻവർഷം ആകെ വാടക ഡിമാന്റ് തുക 25,024/- രൂപയാണ്. വാടകയ്ക്ക് നൽകിയ മുറികൾക്ക് 4 കുത്തകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം (Rent Deposit) ഈടാക്കിയിട്ടില്ല എന്ന് 31.03.2017-ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ നിന്നും വ്യക്തമാകുന്നു.

വാടക ഈടാക്കുന്നതിനുള്ള ബൈലോ നിലവിലില്ല എങ്കിൽ അടിയന്തിരമായി തയ്യാറാക്കി വാടക ഈടാക്കൽ സുതാര്യവും നിയമപരവുമാക്കേണ്ടതാണ്. വാടക ഡിമാന്റ് രജിസ്റ്ററിൽ ലേലം ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. വാടക നടപടികളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എല്ലാ കുത്തകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 2-9 സ്വകാര്യ ആശുപത്രികൾ ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം-142,143 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ തൻവർഷം സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ് നൽകിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| ക്രമ നം. | സ്വകാര്യ ആശുപത്രി |
|---|---|
| 1. | മേരി ക്യൻസ് മിഷൻ ആശുപത്രി, പാലപ്ര |
| 2. | ഹോളി ക്രോസ് ആശുപത്രി, കുവപ്പള്ളി |
| 3. | ഹൈ-റേഞ്ച് ആശുപത്രി, പാറത്തോട് |
| 4. | മംഗലം ആശുപത്രി, പാറത്തോട് |

ക്രമ നം.1 മുതൽ 3 വരെ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിലും 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷനിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡി & ഒ ട്രേഡ് ലൈസൻസ് നൽകിയിട്ടില്ല. ലൈസൻസില്ലാതെ ആശുപത്രികൾ പ്രവർത്തിച്ചതിനാൽ ചട്ടലംഘനവും ലൈസൻസ് ഫീസിനത്തിൽ വരുമാന നഷ്ടവും സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.8/21.06.2017) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിലുള്ള മേൽപറഞ്ഞ സ്ഥാപനങ്ങളെ ഡി & ഒ ട്രേഡ് ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി 2016-17 മുതൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 ന് അനുബന്ധമായ 1-ാം പട്ടികയിലുൾപ്പെടുന്ന എല്ലാ വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെയും ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ഡി & ഓ ട്രേഡ് ലൈസൻസ് ഫീസ് പ്രസ്തുത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 ദുരിതാശ്വാസനിധിയിലേക്ക് പണം സ്വരൂപിക്കലും വിനിയോഗവും നടത്തുന്നില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരളാപഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും പ്രകാരവുമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ചതിന് ശേഷം കാര്യക്ഷമമായ തുടർനടപടികൾ ഉള്ളതായി കാണുന്നില്ല. തൻവർഷം ദുരിതാശ്വാസ നിധിയിൽ നിന്നും തുകയൊന്നും ചെലവഴിച്ചില്ല. ഇതിനായി തുടങ്ങിയ സഹകരണ ബാങ്ക് അക്കൗണ്ടിൽ(പാറത്തോട് സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.2483) 31.03.2017-ൽ 2935/- രൂപ നീക്കിയിരിപ്പ് ഉണ്ട്. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനുമായാണ് ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കുന്നത്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.

ദുരിതാശ്വാസനിധിയിലേക്ക് കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിനും തുക പൊതുജനോപകാരപ്രദമായി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്താഫീസ് ഫർണിച്ചർ വാങ്ങൽ- ഫർണിച്ചറുകൾ നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം | 306 /17 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | സെക്രട്ടറി | |

| | അടങ്കൽ | ചെലവ് |
|---|---|---|
| ലോകബാങ്ക് സഹായം | 775062 | 775062 |

പഞ്ചായത്താഫീസ് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിനായി വിവിധ ഫർണിച്ചറുകൾ മീനച്ചിൽ റബ്ബർ വുഡ് ലിമിറ്റഡ്, അടിവാരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടി ഫർണിച്ചറുകൾ പഞ്ചായത്താഫീസിന്റെ ഒന്നാം നിലയിൽ പ്രവർത്തനമാരംഭിക്കാനിരിക്കുന്ന കമ്മിറ്റി ഹാളിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. നിലവിൽ ടി ഹാളിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നതേയുള്ളൂ. ആയതിനാൽ ടി ഹാളും ഫർണിച്ചറുകളും നാളിതുവരെയും ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ടി ഫർണിച്ചറുകൾ ഉപയോഗിച്ചു തുടങ്ങാത്ത സാഹചര്യത്തിൽ ആയതിന്റെ വിലയിനത്തിൽ ചെലവഴിച്ച 77052/- രൂപ തടസ്സപ്പെടുത്തുന്നു. ഫർണിച്ചറുകൾ ഉപയോഗപ്രദമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 തനത്ഫണ്ടിന്റെ ലഭ്യതയേക്കാൾ അധികം തുക പ്രൊജക്ടുകൾക്ക് വകയിരുത്തുന്നു.

സ.ഉ.(എം.എസ്)നം.362/13 തീയതി 16-11-13 പ്രകാരം പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കും അടിയന്തിര പ്രവൃത്തികൾക്കും പെറ്റി വർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചതിനുശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് എന്ന സ്രോതസ്സായി വക കൊള്ളിക്കേണ്ടത്.മുൻ സാമ്പത്തിക വർഷം പദ്ധതിക്കു വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷം പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ, അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പഞ്ചായത്തിന്റെ ഓഡിറ്റ് ചുമതലയുള്ള പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യ പത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്. 2015-16സാമ്പത്തിക വർഷം തനതുഫണ്ടിൽ മിച്ചമുണ്ടായിരുന്ന തുക 2216462/-രൂപയാണ്. എന്നാൽ 2015-16വർഷം പ്രൊജക്ടുകൾക്ക് വേണ്ടി തനതുഫണ്ടിൽ നിന്നുള്ള വകയിരുത്തൽ 12114558 /-രൂപയും, ചെലവ് 5065756/-രൂപയുമാണ്. 2015-16 വർഷത്തെ മരാമത്ത് പണികൾ നടത്തിയതിന്റെ പ്രതിഫലം ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം നാളിതുവരെ നൽകിയിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നതാണ്.2016-17വർഷം വിവിധ ഫണ്ടുകൾ വകകൊള്ളിച്ച് അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | അടങ്കൽ തുക | നടപ്പാക്കിയ പദ്ധതികളുടെ ചെലവ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 12 | 2 | 1616391 | 484261 |
| എസ്.സി.പി | -- | -- | -- | -- |
| റ്റി.എസ്.പി | 2 | 1 | 347443 | 117365 |
| ലോക ബാങ്ക് | 13 | 4 | 3065773 | 1464486 |
| സി.എഫ്.സി | 37 | 3 | 3947473 | 419199 |
| തനത് ഫണ്ട് | 48 | 20 | 12114558 | 5065756/- |
| മെയിന്റനൻസ് റോഡ് | 60 | 6 | 13275821 | 1218886 |
| നോൺ റോഡ് | 13 | 3 | 3649869 | 1241176 |

വിവിധ സ്രോതസ്സുകളിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമായിരിക്കെ, അതുപയോഗിച്ച്, ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാതെ തനത്ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ ആസ്തി വികസന പദ്ധതികൾക്കുവേണ്ടി തുക ചെലവഴിക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 സ്വന്തമായി വാഹനമുണ്ടായിരിക്കെ പഞ്ചായത്തിന് വാഹന വാടക ഇനത്തിൽ വൻ തുക ചെലവ്

പഞ്ചായത്തിൽ ഡീസൽ ചാർജ്ജിനത്തിലും വാഹന വാടക ഇനത്തിലും തൻ വർഷം വൻ തുക ചെലവു വന്നതായി കാണുന്നു. ഡീസൽ ചാർജ്ജിനത്തിൽ 94715 രൂപ ചെലവുണ്ടായിരിക്കെ വിവിധ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്കെടുത്ത ഇനത്തിൽ 54260 രൂപ ചെലവു വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | ഡീസൽ ചാർജ്ജ് | വാഹന വാടക |
|---|---|---|---|
| 1 | 9/16 | 8736 | 1800 |
| 2 | 12/16 | 12507 | 6125 |
| 3 | 3/17 | 18489 | 27545 |

ഇപ്രകാരം വാഹന വാടകയിനത്തിലും ഡീസൽ ചാർജ്ജിനത്തിലും വളരെയധികം തുക ചെലവു ചെയ്യാനിടവരുന്ന സാഹചര്യം നിയന്ത്രിക്കേണ്ടതും ചെലവിനങ്ങളിൽ മിതത്വം പാലിക്കേണ്ടതുമാണ്.

## 3-4 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം 60157/- രൂപ (ശരാശരി) ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് ഒടുക്കി വരുന്നു. ആകെ 13 കൺസ്യൂമർ നമ്പരിലുള്ള ഡിമാന്റ് ബില്ലുകളാണ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും എല്ലാ മാസവും ലഭിക്കുന്നത്. ഇതിൽ 8344 എന്ന കൺസ്യൂമർ നമ്പരിന് 54361/- രൂപയും ബാക്കിയുള്ള 12 കൺസ്യൂമർ നമ്പരുകൾക്ക് 414/- രൂപ നിരക്കിലും ഒടുക്കി വരുന്നു. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല തുക ഒടുക്കി വരുന്നത്. 12.03.2013 ലെ 65529/ഡി.സി.3/12/തസ്വഭവ നമ്പർ സർക്കുലർ 02.01.2006 ലെ 9541/ഡി.പി.1/ 05/തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ലൊക്കേഷൻ, ബൾബുകളുടെ ഇനം (സാധാരണ ബൾബ്, CFL, SVL, LED എന്നിങ്ങനെ തരം തിരിച്ച് ) തുടങ്ങിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കെ.എസ്.ഇ.ബി. അധികൃതരുമായി ചേർന്ന് സംയുക്തപരിശോധന നടത്തി നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, തരം, പ്രവർത്തനം ഇല്ലാത്തവ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലിസ്റ്റ് തയ്യാറാക്കി വൈദ്യുതി താരിഫ് ക്രമീകരിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 98 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 42875/- രൂപ (ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ ) വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നു. എന്നാൽ പ്രസ്തുത ടാപ്പുകൾ ഏതെല്ലാം ലൊക്കേഷനുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 28.09.2011ലെ ജി.ഒ(ആർ.ടി)2242/2011 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമല്ല. വാട്ടർ ചാർജിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ കണ്ടിജൻറ് ചാർജ് രജിസ്റ്ററിൽ

ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സംയുക്ത പരിശോധന അടിയന്തിരമായി നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതും വാട്ടർ ചാർജിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 3-6 പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

പഞ്ചായത്തിന് പ്രത്യേക ആവശ്യങ്ങൾക്കായി ബ്ലോക്ക്-ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ച ഗ്രാന്റുകൾ, മുൻവർഷങ്ങളിൽ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ ഗുണഭോക്തൃ വിഹിതം, പുരസ്കാരമായി ലഭിച്ച തുകകൾ തുടങ്ങിയവ വർഷങ്ങളായി ചെലവഴിക്കപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ ബാദ്ധ്യതയായി അവശേഷിക്കുന്നു. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച് നിലവിലും ബാധ്യതയായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാംഖ്യ കണക്ക് ശീർഷകം | 31.03.2017 നീക്കിയിരിപ്പ് തുക(രൂപ) | തുക ലഭ്യമായതിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 1. | 320200214 | 17,379/- | റ്റി.എസ്.പി. കോർപ്പസ് ഫണ്ട് |
| 2. | 320300199 | 10 ലക്ഷം | ശബരിമല പ്രത്യേക ഗ്രാന്റ് |
| | | 5292/- | ചിയാക്- ആരോഗ്യ ഇൻഷുറൻസ് തുക |
| 3. | 320700104 | 11,962/- | ജലനിധി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 4. | 320700405 | 1.3 ലക്ഷം | ജില്ലാ പഞ്ചായത്ത് വിഹിതം - സ്റ്റാമ്പ് ഡ്യൂട്ടി ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് |
| 5. | 320800101 | 4,258/- | മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം |
| 6. | 320900101 | 2.5 ലക്ഷം | 2010-ൽ നിർമ്മൽ പുരസ്കാരം ലഭിച്ചത് |

മേൽവിവരിച്ച നീക്കിയിരിപ്പ് തുകകൾ എല്ലാം തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. മേൽപറഞ്ഞ തുകകൾ 2017-18 വർഷത്തിൽ നിർദ്ദിഷ്ട പ്രൊജക്ടുകളിലൂടെ ചെലവഴിക്കുകയോ അല്ലെങ്കിൽ ഗ്രാന്റ് തുക ലഭ്യമാക്കിയ സ്ഥാപനത്തിലേക്ക്/വകുപ്പിലേക്ക് തിരികെ അടവാക്കുകയോ ചെയ്ത് പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 3-7 കിണർ നിർമാണം - അധികസബ്സിഡി നല്കി.

നിർവഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി.

പ്രോജക്റ്റ് നം.197/17 പ്രകാരം പട്ടികവർഗത്തിൽ പെട്ട വർഗീസ്, കുന്നേൽ, ഇടക്കുന്നം എന്ന വ്യക്തിക്ക് കിണർ നിർമിച്ചതിന് സബ്സിഡിയായി 25000/- രൂപ അക്കൗണ്ട് ട്രാൻസ്ഫറായി നല്കി.

ആകെ മൂല്യത്തിന്റെ 90% അതായത് പരമാവധി 20000/- രൂപയാണ് ഇടനാട് പ്രദേശങ്ങളിൽ ടി.എസ്.പി വിഭാഗത്തിന് സബ്സിഡിയായി അനുവദിക്കാവുന്നത് (സ.ഉ 4/2016 ത.സ്വ.ഭ.വ/11.01.16). 25000/- രൂപ അനുവദിച്ചതിലൂടെ 5000/- രൂപ അധികമായി അനുവദിച്ചിരിക്കുന്നത് അംഗീകരിക്കുന്നില്ല.

അധികം നല്കിയ 5000/- രൂപ നിർവഹണോദ്യോഗസ്ഥൻ ആയ അസി.സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-8 വാല്വേഷൻ റിപ്പോർട്ട് പ്രകാരമുള്ള മൂല്യത്തിലധികരിച്ച് സബ്സിഡി നല്കിയത് അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നം. - 4/17, ഭവനപുനരുദ്ധാരണം (എസ്.സി.പി)

നിർവഹണം നടത്തിയത് – അസി.സെക്രട്ടറി.

അടങ്കൽ -700000/-

ചെലവ്-567500/-

ടി പ്രോജക്റ്റ് പ്രകാരം സബ്സിഡി തുക 50000/- രൂപ ശ്രീമതി ലീല ചെല്ലപ്പൻ, കാരക്കുന്നേൽ എന്നയാൾക്ക് അക്കൗണ്ട് ട്രാൻസ്ഫറായി തുക നല്കി. എന്നാൽ ഭവനപുനരുദ്ധാരണത്തിന്റെ മൂല്യനിർണയ റിപ്പോർട്ട് പ്രകാരം 47585/- രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നടന്നിട്ടുള്ളത്. 2475/- രൂപ അധികം നല്കിയത് അംഗീകരിക്കുന്നില്ല. അധികതുക തിരികെ ഈടാക്കേണ്ടതാണ്.

## 3-9 പഠനമുറിനിർമാണം - പൂർത്തീകരണ വിവരങ്ങളില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി.

പ്രോജക്റ്റ് -6/17, എസ്.സി.പി, ചെലവ് -300000/-

22/17 ടി.എസ്.പി , ചെലവ് - 100000/-

വികസനഫണ്ടിൽ നിന്ന് വിവിധ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് ചുവടെ ചേർക്കും പ്രകാരം തുക അക്കൗണ്ടിലേക്ക് നല്കി.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ |
|---|---|---|
| അനിതാ രാജൻ | 25000 | 14/16-17 |
| ഗ്രീഷ്മ ഗണേശൻ | 50000 | 20/16-17 |
| പി.കെ.രാജൻ | 25000 | „ |
| വിശാൽ.പി.വി | 50000 | 25/16-17 |
| അക്ഷയ മോഹൻ | 100000 | 30/16-17 |
| ഉണ്ണിക്കുട്ടൻ | 50000 | 31/16-17 |
| ഡോണ | 50000 | 25/16-17 |
| സുനീഷ് | 50000 | 31/16-17 |
| ആകെ | 400000 | |

പഠനമുറിക്ക് 7 കുട്ടികൾക്ക് മുൻകൂറായും അക്ഷയ മോഹൻ എന്നയാൾക്ക് മുഴുവൻ തുകയും അനുവദിച്ചു. എസ്റ്റിമേറ്റ്, ഗുണഭോക്താക്കളുടെ സ്കൂൾ സർട്ടിഫിക്കറ്റ്, അപേക്ഷ, അനുബന്ധരേഖകൾ, എൻജിനീയറുടെ മൂല്യനിർണയ സർട്ടിഫിക്കറ്റ് തുടങ്ങിയ അവശ്യ രേഖകളൊന്നും ഇല്ലാതെ തികഞ്ഞ അലംഭാവത്തോടെയാണ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

രേഖകളുടെ അഭാവത്തിലും, പ്രോജക്റ്റ് പൂർത്തിയാകാത്ത സാഹചര്യത്തിലും 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം - രേഖകൾ സൂക്ഷിച്ചിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ - അസി.സെക്രട്ടറി.

പ്രോജ.നം - 196/17

ചെലവ് -199339/- (വികസനഫണ്ട്)

-20600/- (തനത് ഫണ്ട് )

ആകെ ചെലവ് - 219939/-

ടി പ്രോജക്റ്റ് പ്രകാരം 9 ലാപ്‌ടോപ്പ് കമ്പ്യൂട്ടറുകൾ ഓക്സിജൻ ഡിജിഷോപ്പ്, കോട്ടയത്ത് നിന്ന് വാങ്ങി വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു (ഇൻവോയ്സ് നം.OXYKTM2/16-17/B-47229/29-3-17). 31-3-17-ലെ ട്രഷറി ബിൽനം.32/16-17 പ്രകാരം 199339/- രൂപയും, ചെക്ക്നം.8838409/31-3-17 പ്രകാരം 20600/- രൂപയും കമ്പ്യൂട്ടറുകളുടെ വിലയായി സ്ഥാപനത്തിന് നല്കി.

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം ചുവടെ ചേർക്കുന്ന 9 പേരാണ് ലാപ്‌ടോപ്പ് കൈപ്പറ്റിയത്.

ആര്യമോൾ സതീഷ്, ഷാനിമോൾ, രഞ്ജിത് എസ്, സനോജ് പി.കെ, ആര്യമോൾ.കെ.എസ്, അഖില ശശി, ലക്ഷ്മി സുരേഷ്, ദിവ്യാമോൾ, ബിന്ദുജ.കെ.ഷാജി.

എന്നാൽ ഇവരുടെ അർഹത തെളിയിക്കുന്ന രേഖകൾ, അപേക്ഷകൾ എന്നീ അവശ്യവിവരങ്ങളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മതിയായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 219939/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 മരുന്നുകൾ ലഭിച്ചില്ല.ചെലവ് തടസ്സപ്പെടുത്തുന്നു.

ആയുർവേദ, ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഔഷധി, ഹോംകോ എന്നീ മരുന്ന് വിതരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് പണം നല്കിയെങ്കിലും മരുന്നുകൾ ലഭിച്ചില്ല. വിശദാംശങ്ങൾ ചേർക്കുന്നു.

| പ്രോജക്റ്റ് | നിർവഹണ ഉദ്യോഗസ്ഥൻ | തുക, കൈപ്പറ്റിയ സ്ഥാപനം. | ലഭിച്ച മരുന്നിന്റെ വില | അവശേഷിക്കുന്ന തുക. |
|---|---|---|---|---|
| 323/17, വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 100000/- ഔഷധി | 32088/- | 67912/- |
| 324/17,ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ | ,, | 300224/- ഔഷധി. | 109128/- | 191096/- |
| 108/17,ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 300000/- | ലഭിച്ചില്ല. | 300000/- |
| | ആകെ | | | 559008/- |

മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നതിനാൽ 559008/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത ലൈബ്രറിക്ക് പുസ്തകം നല്കി.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ 322/17 നം.പ്രോജക്റ്റ് പ്രകാരം കറന്റ് ബുക്സ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് പൊൻമല, ഇടക്കുന്നം വായനശാലകൾക്കായി 30-3-17 ലെ ബിൽനം.3/16-17 ആയി ഒരുലക്ഷം രൂപ ചെലവഴിച്ച് 50000/- രൂപയുടെ വീതം പുസ്തകങ്ങൾ വാങ്ങി നല്കി.

ജി.ഒ(ആർ.ടി) 2148/14 ത.സ്വ.ഭ.വ തീയതി 19-8-14 പ്രകാരം കേരള ഗ്രന്ഥശാലാസംഘത്തിന് കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങി നല്കുന്നതിന് ത്രിതലപഞ്ചായത്തുകൾക്ക് അനുവാദം നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് പ്രകാരം പുസ്തകങ്ങൾ നല്കിയ പൊൻമല ലൈബ്രറിക്ക് നാളിതുവരെ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥയും എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റും അറിയിക്കുകയുണ്ടായി.

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങിനല്കിയത് തെറ്റായ

നടപടിയാണ്. 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 ഭവനപുനരുദ്ധാരണം- മുൻകൂർ കൈപ്പറ്റി പണിപൂർത്തിയാക്കാത്തത്.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ 4/2017 എന്ന പ്രോജക്ടിലൂടെ പട്ടികജാതിവിഭാഗം ഭവനപുനരുദ്ധാരണത്തിന് 25000/- രൂപ വീതം മുൻകൂർ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കൾ | അധികവിവരം |
|---|---|---|
| 1 | ബിജു പി.റ്റി., ഉപ്പൂട്ടിപ്പറമ്പിൽ | - |
| 2 | യമുന ശ്രീധരൻ, കട്ടപ്പാറ | - |
| 3 | ഷിബു.എം.ആർ, മണ്ണൂർ | കരാർ വച്ചിട്ടില്ല. |
| 4 | വിജയമ്മ കുമാരൻകുട്ടി, പതിപ്പാറയിൽ | |
| 5 | പി.കെ സാബു, പാറയ്ക്കൽ | കരാർ വച്ചിട്ടില്ല. |
| 6 | രാമകൃഷ്ണൻ, കളീയ്ക്കൽ | |

ടി ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണപ്രവൃത്തികൾ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് വരെ ആകെ മുൻകൂർ നല്കിയ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 പത്താംക്ലാസ് തുല്യതാകോഴ്സ് - ഗുണഭോക്താക്കളുടെ എണ്ണത്തെക്കാൾ അധികം തുക ചെലവ്.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ 101/17നമ്പർ പ്രോജക്റ്റ് പ്രകാരം 31 പഠിതാക്കളുടെ ഫീസ് 1600/- രൂപവച്ച് 49600/- രൂപയും, ചോദ്യബാങ്കിന്റെവില 1400/- രൂപയുമുൾപ്പെടെ ആകെ 51000/- രൂപ ബിൽ നം. 1/2016-17 ആയി 18-3-17 ൽ സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്.

എന്നാൽ 14-3-2017 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 30 പേർ മാത്രമാണുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്, അടുത്ത വർഷത്തെ പഠിതാക്കളിൽ ഒരാളെ ഫീസൊടുക്കാതെതന്നെ തുല്യതാകോഴ്സിൽ ഉൾപ്പെടുത്തുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. നടപടി പൂർത്തീകരിക്കുന്നതുവരെ 1600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 പി.എച്ച്.സി യിലേക്ക് ഫർണിച്ചർ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ 125/17 നം.പ്രോജക്റ്റ് പ്രകാരം 27-3-17ലെ 10/16-17 നം ബിൽ മുഖേന 50000/- രൂപ ചെലവ് ചെയ്ത് (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) ബിലാൽ സ്റ്റീൽ ഇൻഡസ്ട്രീസ്, തോണിപ്പാറ എന്ന സ്ഥാപനത്തിൽനിന്ന് ചുവടെ ചേർക്കും പ്രകാരം ഫർണിച്ചർ വാങ്ങി.

| ഫർണിച്ചർ | എണ്ണം | വില |
|---|---|---|
| സ്റ്റീൽ അലമാര6.5x3.5 | 2 | 14000 (7000 x2 ) |
| അലമാര 5.5 | 1 | 5000 |
| ഓഫീസ് ടേബിൾ | 1 | 2500 |

| | | |
|---|---|---|
| റാക്ക് ഷെൽഫ് | 6 | 16200 (2700 x 6) |
| റിവോൾവിംഗ് ചെയർ | 2 | 6000 (3000 x 2) |
| | വാറ്റ് 14.5% | 6336.5 |
| | ആകെ വില | 50036-50 |

50000/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നല്കി.

ടി ഉപകരണങ്ങൾ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക | ബിൽ നം. |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ പഞ്ചായത്ത് റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 308/17 | 139962 | 27/29.3.16 |
| | പഞ്ചായത്ത് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 321/17 | 54839 | 26/29.3.17 |
| | പൊടിമറ്റം മുക്കാലി തറകെട്ടിയോട് റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 120/17 | 107474 | 21/14.2.17 |
| | പൊടിമറ്റം മുക്കാലി തറകെട്ടിയോട് റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-രണ്ടാം ഘട്ടം | 307/17 | 25000 | 22/14.2.17 |
| എസ്.എസ്.എ | എസ്.എസ്.എ വിഹിതം അടവാക്കൽ | 98/17 | 562339 | ഡി.ഡി.നം.680243/ 7.1.17 |
| | ആകെ | | 889614 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ മുൻകൂർ നൽകിയ 889614/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2016-17 ലെ സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 22.03.2017 | 1,00,000/- | അനുപൂരക പോഷകാഹാരം | 1,00,000/- | ഇല്ല |
| | 22.03.2017 | 1,40,230/- | മെറിറ്റോറിയസ് സ്കോളർഷിപ്പ് | 1,40,230/- | ഇല്ല |
| | 21.01.2017 | 3,00,000/- | പാലിയേറ്റീവ് കെയർ | ഇല്ല | 3,00,000/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ പഞ്ചായത്തിന് ബാധ്യത ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

നിലവിൽ സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2195/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2015-16 | 2-5 | 150/- | രസീതാ പി.എസ് | 11607105000/19.01.2017 |
| 2015-16 | 2-9 | 2045/- | പി.ജെ ചാക്കോ, പുതുപ്പറമ്പിൽ | 11607103875/24.11.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14, 15, 16, 17 | 2002-03 | 5-9(1) | പൊതുമരാമത്ത് പണി- ചെലവായ തുകയേക്കാൾ കൂടുതൽ പിൻവലിച്ച് പണാപഹരണം നടത്തി. | |
| 1998-99 | | 2003-04 | 3-5-5 | മരാമത്ത് പണികളുടെ നേരിട്ടുള്ള നിർവ്വഹണം | |
| | | 2002-03 | അദ്ധ്യായം-8 | ധനാപഹരണ ലക്ഷ്യത്തോടെ രസീതിന്റെ പകർപ്പ് കീറി മാറ്റി. 15.7.02ലെ എൽ.എഫ്.10763/പി.ടി.1/02 കത്ത് മുഖേന ഡി.ഡി.പി.യെ അറിയിച്ചു. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54,751,776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47,947,635 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,475/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,97,213/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | - | 5000/- | ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | - | 2475/- | ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 77,052/- | ഷൈജു വർഗീസ്, സെക്രട്ടറി |
| 3-9 | 4,00,000/- | ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 2,19,939/- | ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 2,59,008 | ബെൻഷാ ബഷീർ, മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3-11 | 3,00,000 | ഡോ.ജ്യോതി എസ്., മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 3-12 | 50,000/- | മരിയ ഗൊരോത്തി, ഹെഡ്മാസ്റ്റർ |
| 3-13 | 1,50,000/- | ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 1,600/- | മരിയ ഗൊരോത്തി, ഹെഡ്മാസ്റ്റർ |
| 3-15 | 50,000/- | നിത്യ രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-16 | 8,89,614/- | ഡെപോസിറ്റ് നൽകിയ തുകകൾ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-4, 2-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പാറത്തോട് ഗ്രാമ പഞ്ചായത്ത്, പാറത്തോട് | മൻസിൽ കമാലിയ, കാഞ്ഞിരപ്പള്ളി, പിൻ-685607 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 ചെലവ് | L.F.K.P 8/558/02/2.11.02/2.5.03 | | |
| 98-99വരവ് | L.F.K.P 9/985/08/3.7.09 | | |
| 99-00,2000-01, 2001-02 ജനകീയാസൂത്രണം | L.F.K.P .8/880/03/9.7.04/4.9.04 | | |
| 2002-03 ചെലവ് | K.S.A.K.T.M.P/13/1504(2)/15/31.3.16 | | |
| 2002-03 വരവ് | K.S.A.K.T.M.P/13/1504(1)/15/31.3.16 | | |
| 2003-04 | K.S.A.K.T.M.P/13/1504(3)/15/22.3.16 | | |
| 2004-05 | K.S.A.K.T.M.P/13/1504(4)/15/22.3.16 | | |
| 2005-06 | K.S.A.K.T.M.P/13/1504(5)/15/22.3.16 | | |
| 2006-07 | K.S.A.K.T.M.P/13/1504(6)/15/22.3.16 | | |
| 2007-08 | K.S.A.K.T.M.P/13/695/11/17.9.12/2.10.12 | | |
| 2008-09 | L.F.K.P.13/871/14/8.1.14 | | |
| 2009-10 | L.F.K.P.13/448/14/11.9.14 | | |
| 2010-11, 11-12 | L.F.K.P.13/1187/13/9.10.13/15.11.13 | | |
| 2012-13 | L.F.K.P.1243/14/11.11.14 | | |
| 2013-14 | K.S.A.K.T.M.P.13/1752/15/15.3.16 | | |
| 2014-15 | K.S.A.K.T.M.P.13/960/16/20.7.16 | | |

| | | | |
|---|---|---|---|
| 2015-16 | K.S.A.-K.T.M.P13-1739/2016/23.05.2017 | 16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് പരാമർശങ്ങൾക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.13/990/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 18.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം